പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1029 08.01.2014 - ൽ മറുപടിക്ക്

## പിന്നോക്ക സമുദായ യുവജന ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. എ. റ്റി. ജോർജ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗക്കാരായ യുവതി യുവാക്കൾക്ക് സർക്കാർ സർവ്വീസിലും സ്വകാര്യമേഖലയിലും തൊഴിലവസരങ്ങൾ ലഭ്യമാക്കു ന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന തിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരം പരിശീലനം നൽകുന്ന തിനുള്ള പദ്ധതി ആവിഷ്കരിച്ച് 16/08/2013-ലെ ജി. ഒ. (ആർ.റ്റി) 70/2013/പിസവിവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | | 1) പൊതു സ്വകാര്യമേഖലാ തൊഴിലവസരങ്ങളിൽ പിന്നാക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യം വർദ്ധിപ്പിക്കുക. സാമ്പത്തിക പുരോഗതി കൈവരിക്കുക.<br>2) പിന്നാക്ക വിഭാഗം ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുക. കൂടുതൽ പേരെ മെറിറ്റിൽ എത്തിക്കാൻ പ്രാപ്തരാക്കുക. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | | ഉദ്യോഗാർത്ഥിയുടെ സൗകര്യാർത്ഥം പഠന പരിശീലനം നടത്താൻ കഴിയുന്ന, പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലിക്കുന്നവർക്ക് ഗ്രാന്റ് അനുവദിക്കുന്നു. 2013-14-ൽ പ്രത്യേകം ഏജൻസികളെ തെരഞ്ഞെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ? | | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 11.11.2013 അവസാന തീയതി നിശ്ചയിച്ച് ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും, 27.11.2013-ൽ അർഹതയുള്ളവരുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. കരട് ലിസ്റ്റിൽ ഉൾപ്പെട്ടവർ ജാതി, വിദ്യാഭ്യാസയോഗ്യത, വരുമാനം, പരിശീലന സ്ഥാപനം നൽകുന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടുള്ളത് സൂക്ഷ്മ പരിശോധന നടത്തി 2014 ജനുവരി അവസാന വാരത്തോടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ